## പതിനാലാം കേരളനിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.33** **03/02/2020-ൽ മറുപടി നൽകേണ്ടത്**

### സംസ്ഥാന ആസൂത്രണ ബോർഡ് ചീഫ് നിയമനത്തിലെ ക്രമക്കേട്

| ചോദ്യം<br><br>ശ്രീ. ടി.എ.അഹമ്മദ് കബീർ | | | മറുപടി<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന ആസൂത്രണ ബോർഡ് ചീഫ് നിയമനത്തിനായുള്ള ഇന്റർവ്യൂവിൽ ക്രമക്കേട് നടത്തിയെന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ശ്രീമതി.സൗമ്യ പി.ജെ OA No.2200/2019 നമ്പരായും, ശ്രീ.ഉമ്മർകോയ മുതൽ പേർ OA No.2201/2019 നമ്പരായും, ശ്രീ.രാകേഷ് എ.ആർ. OA No.2202/2019 നമ്പറായും ഫയൽ ചെയ്തിട്ടുള്ള കേസുകൾ കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത തസ്തികയിലെ തിരഞ്ഞെടുപ്പ് രീതി എപ്രകാരമാണെന്ന് വിശദമാക്കുമോ? | (ബി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള എഴുത്തു പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. കേരള സംസ്ഥാന ആസൂത്രണ ബോർഡിൽ ചീഫ് (Decentralised Planning Cat.No.330/16), ചീഫ് (Plan Co-ordination Division Cat.No.416/16), ചീഫ് (Social Services Division Cat.No.190/17) തസ്തികയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 100 മാർക്ക് വീതമുള്ള രണ്ട് എഴുത്തുപരീക്ഷ നടത്തുകയും ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി ഇന്റർവ്യൂ നടത്തുകയും എഴുത്തുപരീക്ഷയ്ക്കും ഇന്റർവ്യൂവിനും ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയ്യാറാക്കുകയുമാണ് ചെയ്തുവരുന്നത്. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ നിന്നാണ് നിയമനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ